(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/ഐ.ഡി.കെ-9/29/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
തീയതി: 18.01.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊന്നത്തടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊന്നത്തടി ഗ്രാമപഞ്ചായത്ത് -2015-16 ലെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1, 3-2, 3-3, 3-6 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/ഐ.ഡി.കെ-9/29/2017 തീയതി: 18.01.2017

# ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07.07.2016 മുതൽ 07.01.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എസ്. മുരളീദാസ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.12.2016 മുതൽ 29.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ടി.ഒ പോളി, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോഷി വി.ജെ, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജിബി ഇ.വി, സി ഗ്രേ ഓഡിറ്റർ |
| | ശ്രീ. മേജോ.കെ ജോർജ്ജ്, സീ. ഗ്രേ ഓഡിറ്റർ |
| | ശ്രീ. സാമുവൽ രാജ്. ആർ, സീ. ഗ്രേ ഓഡിറ്റർ |
| | ശ്രീ. ജോമോൻ ഫ്രാൻസിസ്, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. മേഴ്സി തോമസ് | 01.04.2015മുതൽ 31.10.2015 വരെ |
| | ഭരണ നിർവ്വഹണ കമ്മറ്റി | 01.11.2015 മുതൽ 18.11.2015 വരെ |
| | ശ്രീ. വി.കെ മോഹനൻ നായർ | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. എം.എൻ ഹരികുമാർ | 01.04.2015മുതൽ 09.04.2015വരെ |
| | ശ്രീ. പി.കെ സതീഷ് കുമാർ | 10.04.2015മുതൽ 31.03.2016വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. എം.എൻ ഹരികുമാർ | 01.04.2015മുതൽ 10.08.2015വരെ |
| | ശ്രീ. സണ്ണി പി.സി | 11.08.2015മുതൽ 31.03.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ഷാജി കെ.പി | 04.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. ബിജു കെ.ഡി | 01.04.2015മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീ. ജോസൻ മാത്യൂ | 01.04.2015മുതൽ 02.03.2016 വരെ |
| | ശ്രീ. ശശീന്ദ്രൻ കെ.എൻ | 03.03.2016മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | ശ്രീമതി.ജമീല എം.യു | 01.04.2015മുതൽ 28.10.2015 വരെ |
| | ശ്രീമതി പി.കെ രമ | 29.10.2015 മുതൽ 20.02.2016 വരെ |
| | ശ്രീമതി. അജിത എസ്. കെ | 21.02.2016 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. ദീപു കൃഷ്ണ | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സീമ | 01.04.2015മുതൽ 31.03.2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. പൈലി കെ. പി | 01.04.2015മുതൽ 31.03.2016 വരെ |
| വെറ്റെനറി സർജൻ | ഡോ. ഷൈബി തോമസ് | 01.04.2015മുതൽ 31.03.2016 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി സ്മിത കെ.ജി | 01.04.2015മുതൽ 31.03.2016 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| I | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| II | ഭാഗം 2 | |
| 13 | വസ്തു നികുതി - ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഈടാക്കിയിട്ടില്ല | 2-1 |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | 2-2 |
| 15 | വാടക ഈടാക്കാത്തത് സംബന്ധിച്ച് | 2-3 |
| 16 | പരസ്യ നികുതി ഈടാക്കുന്നില്ല – തനത് വരുമാനത്തിൽ നഷ്ടം. | 2-4 |
| III | ഭാഗം 3 | |
| 17 | റോഡ് കോൺക്രീറ്റിംഗ് - അധികം നല്കിയ തുക അംഗീകരിക്കുന്നില്ല | 3-1 |
| 18 | പട്ടിക ജാതി യുവജന ക്ഷേമപദ്ധതി നടത്തിപ്പിൽ അപാകത | 3-2 |
| 19 | ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-3 |
| 20 | തൊഴിലുറപ്പ് പദ്ധതി-ഈടാക്കിയ വാറ്റ് അടവാക്കിയിട്ടില്ല | 3-4 |
| 21 | മീഡിയാശ്രീ പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 3-5 |

| | | |
|---|---|---|
| 22 | ചാർജ്ജ് അലവൻസ് അധികം അനുവദിച്ച് നൽകിയത് സംബന്ധിച്ച് നഷ്ടം.3372/- | 3-6 |
| 23 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിട്ടില്ല | 3-7 |
| 24 | ഗുണഭോക്തൃലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടില്ല | 3-8 |
| 25 | SSA വിഹിതം-ആവശ്യമായതിലും കൂടുതൽ തുക അടവാക്കി | 3-9 |
| 26 | മെഡിക്കൽ ഓഫീസർ ,ഗവ.പി.എച്ച്.സി കൊന്നത്തടി - പദ്ധതി നിർവ്വഹണം-രേഖകൾ ഹാജരാക്കിയില്ല.തടസ്സം - 3 ലക്ഷം രൂപ. | 3-10 |
| 27 | മരാമത്ത് പ്രവൃത്തികൾ - റോഡ് മെയിന്റനൻസ് അപാകതകൾ | 3-11 |
| 28 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നു | 3-12 |
| IV | ഭാഗം 4 | |
| 29 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| V | അനുബന്ധം | |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |



# ഭാഗം 1

## <u>പൊതു അവലോകനം</u>

### 1-1 <u>ബജറ്റ്</u>

2015-16 വർഷത്തെ ബജറ്റ് 27.03.2015ലെ കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകരിച്ചിട്ടുണ്ട്. 27.02.2015 ലെ സ.ഉ (സാധാ).40/2015/ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന മാതൃകയിലാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. 21.03.2015 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ഭാവിയിൽ ബജറ്റ് തയ്യാറാക്കുമ്പോൾ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ള

നടപടിക്രമങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 16.07.2016 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം 1 ആയി നൽകിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,88,18,833.00 |
| വരവ് | 9,59,16,587.00 |
| ആകെ | 13,47,35,420.00 |
| ചെലവ് | 11,40,75,274.00 |
| നീക്കിയിരിപ്പ് | 2,06,60,146.00 |

## 1-5 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന് അനുവദിച്ച ബജറ്റ് വിഹിതം, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ട്രഷറി പത്രിക, വാർഷിക കണക്കുകൾ എന്നിവ പരിശോധിച്ച പ്രകാരം ഗ്രാമപഞ്ചായത്തിന് 2015-16 ൽ ലഭ്യമായ വിവിധ ഫണ്ടുകൾ, അവയുടെ ചെലവ് വിവരങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | ലഭ്യമായ ഫണ്ട് | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 59,46,259 | 2,86,56,069 | 3,46,02,328 | 2,37,86,497 | 68.74 |
| വികസനഫണ്ട് എസ്.സി.പി. | 16,77,194 | 19,41,000 | 36,18,194 | 28,36,666 | 78.40 |
| വികസനഫണ്ട് ടി.എസ്.പി. | 9,23,520 | 10,51,000 | 19,74,520 | 19,27,300 | 97.61 |
| സംരക്ഷണഗ്രാന്റ് റോഡ് | 3,78,886 | 10,75,000 | 14,53,886 | 11,85,050 | 81.51 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 25,96,123 | 50,59,000 | 76,55,123 | 50,45,421 | 65.91 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 58,50,566 | 86,86,110 | 1,45,36,676 | 1,40,10,822 | 96.38 |
| പെർഫോമൻസ് ഗ്രാന്റ് | 1,16,364 | 0 | 1,16,364 | 1,16,364 | 100.00 |
| എം.എൻ.ആർ.ഇ.ജി.എസ്. | 3,187 | 7,36,58,460 | 7,36,61,647 | 7,36,34,486 | 99.96 |
| ബി ഫണ്ട് | 0 | 55,08,707 | 55,08,707 | 55,08,707 | 100 |

14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ആദ്യ വിഹിതം മുൻവർഷങ്ങളിലേതു പോലെ രസീത് ചെയ്താണ് എടുത്തത്. മേൽ അലോട്ട്മെന്റ് ഉൾപ്പെടെ 30.10.2015 ലെ നീക്കിയിരിപ്പ് വികസന ഫണ്ട്-പൊതു

വിഭാഗത്തിലേക്ക് മാറ്റുകയും പിന്നീട് നീക്കിയിരിപ്പ് തുക അലോട്ട്മെന്റായി ലഭിച്ച ശേഷം റിവേഴ്സ് എൻട്രി നടത്തി കറക്ട് ചെയ്തിട്ടുള്ളതിനാൽ വാർഷിക കണക്കുകളിലെ റസിപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഒന്നാം വിഹിതം ഇരട്ടിച്ച് വന്നിട്ടുണ്ട്.

30.10.2015ന് എസ്.സി.പി, ധനകാര്യകമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് ധനസഹായം അക്കൗണ്ടുകളിൽ ഉണ്ടായിരുന്ന നീക്കിയിരുപ്പ് തുക 95,87,233.00 (931619.00+85,39,250.00+116364.00) വികസനഫണ്ട് – പൊതുവിഭാഗത്തിലേക്ക് വകയിരുത്തി. മേൽ അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക തീരുന്നതുവരെ വികസന ഫണ്ട് പൊതുവിഭാഗത്തിന്റെ ചെലവ് ചെയ്യുകയും ചെയ്തു.

വികസനഫണ്ട്-പൊതുവിഭാഗത്തിന്റെ ബജറ്റ് വിഹിതം ₹17254000 ആയിരുന്നുവെങ്കിലും 2014-15 ൽ പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ അധികം ലഭിച്ച വിഹിതം ₹2561514/- കുറവ് ചെയ്ത തുകയാണ് (14692486.00) 2015-16ൽ ലഭിച്ചത്.

വികസനഫണ്ട്-പൊതുവിഭാഗത്തിൽ 2015-16 വർഷം അധിക ഗ്രാന്റായി ₹1558884/- ലഭിച്ചിട്ടുണ്ട്. 2014-15 ലെ നികുതി പിരിവിന്റെ കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ വികസന ഫണ്ട് പൊതുവിഭാഗത്തിന് ₹2817466/-യും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ₹1109753/-യും അധിക വിഹിതം ലഭ്യമായി. 2013-14 ലെ നികുതി പിരിവിന്റെ കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ₹886000/- അധിക വിഹിതം ലഭ്യമായി.

റോഡിതര സംരക്ഷണ ഗ്രാന്റ് മുന്നിരിപ്പ് തുക കുറവായിരുന്നതിനാലും ബിൽ ഹാജരാക്കിയ വേളയിൽ അലോട്ട്മെന്റ് ലഭിച്ചിട്ടില്ലായിരുന്നതിനാലും റോഡ് സംരക്ഷണ ഗ്രാന്റിൽ നിന്നും ₹268836/- വകമാറ്റി ചെലവഴിച്ചിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 194 | 1,21,74,975.00 | 165 | 5,22,46,941.00 | | 29 | 85.05 |

അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 85 ശതമാനവും നടപ്പാക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ഉൽപാദന മേഖലയിൽ ആവിഷ്കരിച്ച 9 പ്രോജക്ടുകളിൽ 5 എണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. ഉൽപാദന മേഖലയുടെ ഉന്നമനത്തിന് കൂടുതൽ പ്രോജക്ടുകൾ നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 8.76 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2565254 | 2095798 | (-)469456 | (-)18.3 |
| നികുതിയേതര വരവുകൾ | 711716 | 429443 | (-) 282273 | (-)39.66 |
| മറ്റുവരവുകൾ | 100706 | 556606 | (+) 455900 | 452.7 |
| ആകെ | 3377676 | 3081847 | (-)295829 | 8.76 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,35,600 | 63 |
| വാർദ്ധക്യകാല പെൻഷൻ | 34,76,250 | 1868 |
| കർഷക തൊഴിലാളി പെൻഷൻ | 8,62,500 | 697 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾ | 49,760 | 29 |
| വികലാംഗ പെൻഷൻ | 5,29,845 | 300 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.01.2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹430/- (നാനൂറ്റി മുപ്പത് രൂപ മാത്രം) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിലെ പ്രധാന രജിസ്റ്ററുകളെല്ലാം തൃപ്തികരമായ രീതിയിൽ പരിപാലിക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും സാമ്പത്തിക വർഷാവസാനത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല. ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി പരിപാലിക്കുന്നില്ല. പഞ്ചായത്ത് കമ്മറ്റി, ഗ്രാമസഭ യോഗങ്ങൾ, സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങൾ എന്നിവയുടെ മിനിട്സ് എഴുതി സൂക്ഷിക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.12.2016 | 2016 നവംബർ | 09/2016 ലെ റിപ്പോർട്ട് 23.12.2016 ൽ ലഭിച്ചു. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.8.2009-24.8.2006 | 2005-06 വരെ | 22.12.2014 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. വസ്തുനികുതി, വാടക എന്നീയിനങ്ങളുടെ തൻവർഷ രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവയിലെ തുകകളും വാർഷിക കണക്കുകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വാല്യുവേഷൻ നടത്തി ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി - ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന 12 മൊബൈൽ ടവറുകളിൽ നിന്നും 2013-14 വർഷം മുതൽ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/കെട്ടിട നം (പഴയത്) | മൊബൈൽ ടവറുകൾ | വിസ്തീർണ്ണം (m2) | ഡിമാന്റ് ചെയ്ത തുക | |
|---|---|---|---|---|---|
| | | | | 2013-14 & 2014-15 | 2015-16 |
| 1 | II/291 -C | റിലയൻസ് കമ്മ്യൂണിക്കേഷൻസ്, പുരയിടം സിറ്റി | 40 | 25200x2 =50400 | 25200 |
| 2 | VI/723 -A | ഡബ്ല്യൂ റ്റി റ്റി ഇൻഫോ സർവ്വീസ്, പാറത്തോട് | 40 | 25200x2 =50400 | 25200 |
| 3 | XVIII/389 | ഐഡിയ കമ്മ്യൂണിക്കേഷൻ കൊന്നത്തടി | 87.20 | 54936x2 =109872 | 54936 |
| 4 | I/327 -B | ഐഡിയ കമ്മ്യൂണിക്കേഷൻ, മുതിരപ്പുഴ | 102.9 | 64260x2 = 128520 | 64260 |
| 5 | VII/508 - C | ഐഡിയ കമ്മ്യൂണിക്കേഷൻ, ചിന്നാർ നിരപ്പ് | 63 | 54936x2 =109872 | 54936 |
| 6 | X/427 - C | ഐഡിയ കമ്മ്യൂണിക്കേഷൻ, മുക്കുടം | 34.50 | 39690x2 =79380 | 39690 |
| 7 | VIII/354 -A | വോഡാഫോൺ, കമ്പിളികണ്ടം | 52.9 | 37737x2 =75474 | 37737 |

| | | | | | |
|---|---|---|---|---|---|
| 8 | II/384 | ബി എസ്സ് എൻ എൽ, കൊമ്പൊടിഞ്ഞാൽ | 52 | 32760x2 =65520 | 32760 |
| 9 | I/201 | ഇൻഡ്യൻ ടെലികോം ഇൻഫ്രാ ലിമിറ്റഡ്, പുരയിടം സിറ്റി | 43 | 23100x2 =46200 | 23100 |
| 10 | III/521 -C | ഭാരതി എയർടെൽ കൊന്നത്തടി | 40 | 24570x2 =49140 | 24570 |
| 11 | XVI/326 | ടാറ്റാ ടെലി സർവ്വീസ്, മുതിരപ്പുഴ | 43 | 27090x2 =54180 | 27090 |
| 12 | V/547 | ഇൻഡസ് ടവർ, മുനിയറ | 41 | 25830x2 =51660 | 25830 |
| ആകെ | | | | 870618 | 435309 |

നികുതി കൃത്യമാക്കി ഈടാക്കാത്തത് മൂലം 2013-14 വർഷത്തിൽ ₹870618/- ഉം, 2015-16 വർഷത്തിൽ ₹435309/- എന്നിങ്ങനെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വസ്തു നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. മാവേലി സ്റ്റോർ, പാറത്തോട്
2. മാവേലി സ്റ്റോർ, കൊന്നത്തടി
3. മുത്തൂറ്റ് ഫിൻകോർപ്പ്, പാറത്തോട്
4. ആപ്കോസ്, വിമലാസിറ്റി
5. ആപ്കോസ്, പന്നിയാർകുട്ടി
6. ആപ്കോസ്, പണിക്കൻകുടി

മേൽ സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിലും സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 വാടക ഈടാക്കാത്തത് സംബന്ധിച്ച്

ഓഡിറ്റ് വർഷത്തിൽ കമ്പിളികണ്ടത്തുള്ള ഷോപ്പിംഗ് കോംപ്ലക്സ് ശ്രീ. സതീശ് മറ്റത്തിൽ എന്നയാൾക്ക് പ്രതിമാസം ₹584/- വാടകയ്ക്ക് നൽകിയിട്ടുണ്ട് (ആകെ ₹7008/-). എന്നാൽ വാടകക്കാരൻ വാടക ഒടുക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വാടക ഡെപ്പോസിറ്റ് ഇനത്തിൽ ടിയാൻ നൽകിയ ₹5000/- കുറവ് ചെയ്ത് ബാക്കിയുള്ള തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ

സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 പരസ്യ നികുതി ഈടാക്കുന്നില്ല - തനത് വരുമാനത്തിൽ നഷ്ടം

കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിച്ചിരിക്കുന്ന പരസ്യങ്ങളിൻമേൽ പരസ്യ നികുതി ഏർപ്പെടുത്തണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കൊന്നത്തടി ഗ്രാമപഞ്ചായത്തിൽ നാളിതുവരെയായും പരസ്യ നികുതി ഈടാക്കിയിട്ടില്ല. 30-09-2016 ലെ 4-ാം നമ്പർ തീരുമാന പ്രകാരം പരസ്യ നികുതി ബൈലോ പ്രസിദ്ധീകരിക്കുകയും 30 ദിവസത്തെ സമയം നൽകി 20-12-2016 ലെ 22-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സർക്കാർ അംഗീകാരം വാങ്ങിയിട്ടില്ല. സർക്കാർ അംഗീകാരം വാങ്ങി പരസ്യ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേ ണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റോഡ് കോൺക്രീറ്റിംഗ് - അധികം നല്കിയ തുക അംഗീകരിക്കുന്നില്ല

റോഡ് കോൺക്രീറ്റിംഗിന് വെയറിംഗ് കോട്ടായി ചെയ്യുന്ന 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിംഗിന് ഡാറ്റ DSR- 2014 ഐറ്റം നമ്പർ 4.1.3 പ്രകാരം(CPWD Specification) ഇടുക്കി ജില്ലയിൽ നല്കാവുന്ന നിരക്ക് 7062/m3 (without CP). എന്നാൽ നല്കിയ നിരക്ക് ഫ്ലോർ കോൺക്രീറ്റിംഗ് വെയറിംഗ് കോട്ടിംഗിന്റെ ഡാറ്റ ഐറ്റം നമ്പർ 11.7 പ്രകാരമുള്ള ഫിനിഷിംഗ് പ്രവൃത്തി ഉൾപ്പെടെയുള്ള നിരക്കായ 7440.40/m3 ആണ്. ഒരു ഘനമീറ്ററിന് ₹378.40/- അധികം നല്കിയിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് | കൺവീനർ | അളവ് ബുക്ക് നം. | ബിൽ നം./ തീ./തുക | അളവ് (എം3) | നിരക്ക്/ എം3 | തുക | അധികം നല്കിയ തുക 378.40/ എം3 |
|---|---|---|---|---|---|---|---|---|
| 1 | S0057/16 കൊന്നത്തടി പാടം വഴി മക്കാനം റോഡ് കോൺക്രീറ്റിംഗ് | സുരേഷ് | 548/15-16 | 99/15-16 /29.3.16 / 4,25,000/- | 18.31 | 7440.40 | 1,36,233 | 6,929/- |
| 2 | S059/16, കൊമ്പൊടിഞ്ഞാൽ വാലോമറ്റം റോഡ് കോൺക്രീറ്റിംഗ് | സുബാഷ് | 162/15-16 | 104/15-16/ 29.3.16/ 3,00,000/- | 16.65 | 7440.40 | 1,23,882 | 6,300/- |
| 3 | S0060/16 ഉപ്പുമാക്കൽ നിരപ്പത്തൊട്ടി പന്നിയാർ റോഡ് | ജിജി സി.എസ് | 162/15-16 | 127/15-16/ 31.3.16/4, 75,000/- | 21.34 | 7440.40 | 1,58,778/- | 8,075/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | കോൺക്രീറ്റിംഗ് | | | | | | | |
| 4 | S068/16, തിങ്കൾകാട് നിരപ്പ് - കരിമ്പനാനി പടി റോഡ് കോൺക്രീറ്റിംഗ് | യോഹന്നാൻ | 169/15-16 | 68/15-16/ 30.12.15/ 3,00,000/- | 16.624 | 7440.40 | 1,23,689 | 6,290/- |
| 5 | S076/16, അമ്പലംപടിമീറ്റർ കുന്ന് റോഡ് കോൺക്രീറ്റിംഗ് | കുര്യൻ | 161/15-16 | 103/15-16/ 2,50,000/ 21.3.16 | 19.26 | 7440.40 | 1,43,302/- | 7,288/- |
| 6 | S080/16, മാലിക്കുടി-വാഴേക്കുടിറോഡ് കോൺക്രീറ്റിംഗ് | ഷിബു | 245/15-16 | 52/15-16/ 3,00,000/ 30.12.15 | 16.35 | 7440.40 | 1,21,651/- | 6,187/- |
| 7 | S081/16, ചേന്നാത്തുപടി കൊച്ചുപുരപ്പടി റോഡ് കോൺക്രീറ്റിംഗ് | ചന്ദ്രൻ | 313/15-16 | 13/15-16/ 3,90,00/ 31.10.15 | 44.40 | 7440.40 | 3,30,354/- | 16,801/ |
| 8 | S084/16, ക്ലാക്കിപടി - കണ്ണാടിപ്പാറ റോഡ് കോൺക്രീറ്റിംഗ് | സണ്ണി പാറയ്ക്കൽ | 292/15-16 | 14,15/15-16/ 4,10,000/ 30.10.15 | 23.62 | 7440.40 | 1,75,742/- | 8,937/ |
| 9 | S085/16, ശ്യാമപ്പടി - കണ്ണാടിപ്പാറ റോഡ് കോൺക്രീറ്റിംഗ് | ലീല കൃഷ്ണൻകുട്ടി | 54/15-16 | 24/15-16/ 4,90,000/ 16.11.15 | 23.39 | 7440.40 | 1,74,031/- | 8,851/- |
| 10 | S087/16, മുണ്ടയ്ക്കൽ ഭാഗം - മാവിൻചുവട് ആൽപ്പാറ റോഡ് കോൺക്രീറ്റിംഗ് | വൽസ | 329/15-16 | 60/15-16/ 4,31,858/ 30.12.15 | 25.051 | 7440.40 | 1,86,389/- | 9,479/- |
| 11 | S097/16, വിലോസിറ്റി - മലമുണ്ടേൽ പടി റോഡ് കോൺക്രീറ്റിംഗ് | സലീം | 420/15-16 | 75/15-16/ 3,00,000/ 31.12.15 | 17.25 | 7440.40 | 1,28,347/- | 6,527/- |
| 12 | S076/16, അഞ്ചാംമൈൽ ചതുരപ്പാറ റോഡ് കോൺക്രീറ്റിംഗ് | അഭിലാഷ് | 354/15-16 | 50/15-16/ 2,50,000/ 30.12.15 | 14.308 | 7440.40 | 1,06,457/- | 5,414/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 13 | S0109/16, കക്കാസിറ്റി - ചേലപ്ലാക്കൽ പടി റോഡ് കോൺക്രീറ്റിംഗ് | ജയൻ വി. കെ | 388/15-16 | ചെക്ക് നം. 175041/ 2,75,000/ 8.12.15 | 16.16 | 7440.40 | 1,20,237/- | 6,115/- |
| 14 | S0113/16, തച്ചിരിക്കപ്പടി - മുക്കടം റോഡ് കോൺക്രീറ്റിംഗ് | പ്രതീപ് | 222/15-16 | ചെക്ക് നം. 174908/ 2475,000/ 23.9.15 | 28.14 | 7440.40 | 2,090372/- | 10,648/- |
| 15 | S0117/16, ലക്ഷ്മിവിലാസം പെരുമ്പള്ളിച്ചിറ റോഡ് കോൺക്രീറ്റിംഗ് | അശോകൻ | 393/15-16 | 45/15-16/ 3,00,000/ 30.12.15 | 14.995 | 7440.40 | 1,11,569/- | 5,674/- |
| 16 | S0223/16, കമ്പിളിക്കണ്ടം - അമ്പലംപടി റോഡ് കോൺക്രീറ്റിംഗ് | ഗിരീഷ് | 55/15-16 | 23/15-16/ 4,10,000/ 16.11.15 | 23.52 | 7440.40 | 1,74,998/- | 8,900/ |
| 17 | S0238/16, പനംകുട്ടി ചാലിപ്പടി കുരുശുകത്തി റോഡ് കോൺക്രീറ്റിംഗ് | അഭിലാഷ് | 420/15-16 | 71/15-16/ 2,50,000/ 31.12.15 | 14.365 | 7440.40 | 1,06,881/- | 5,436/- |
| 18 | S0243/16, പൂതാളി ട്രാൻസ്ഫോമർ പടി കൊമ്പൊടിഞ്ഞാൽ കള്ളിക്കൽ റോഡ് കോൺക്രീറ്റിംഗ് | ജോമോൻ പൗലോസ് | 382/15-16 | 49/15-16/ 4,75,000/ 30.12.15 | 29.707 | 7440.40 | 2,21,032/- | 11,241/- |
| ആകെ | | | | | | | | 1,45,092/- |

അധികം നൽകിയ തുക കൺവീനർമാരിൽ നിന്നോ എസ്റ്റിമേറ്റ് അംഗീകരിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുക പിൻവലിച്ച അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായോ ഈടാക്കേണ്ടതാണ്.

## 3-2 പട്ടികജാതി യുവജന ക്ഷേമപദ്ധതി നടത്തിപ്പിൽ അപാകത

| | |
|---|---|
| പ്രോജക്ട് | S0167/15, പട്ടികജാതി യുവജന ക്ഷേമപദ്ധതി |
| അടങ്കൽ | ₹194100/- (വികസന ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| ബിൽ നം. | 2/15-16, തീ. 30.06.2015, ₹145575/-<br>56/15-16, തീ. 31.03.16 ₹48525/- |

കൊന്നത്തടി ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം നടപ്പാക്കിയ പട്ടികജാതി യുവജന ക്ഷേമപദ്ധതിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഓട്ടോറിക്ഷാ വാങ്ങുന്നതിന് സബ്സിഡി നൽകുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. ഇത് പ്രകാരം നാല് ഗുണഭോക്താക്കൾക്ക് ₹48525/- വീതം തുക സബ്സിഡി നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.11.2013 ലെ സ.ഉ.(എം.എസ്.)നമ്പർ 362/13 പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡം പാലിക്കാതെ പദ്ധതി നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകത ഉണ്ടായിരിക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം | അപാകത |
|---|---|---|
| 1 | മനീഷ് പി.എൻ. പുതിയകുന്നേൽ | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ സ്വയംസംരംഭകത്വമിഷനിലോ പേര് രജിസ്റ്റർ ചെയ്തതിട്ടില്ല |
| 2 | അമല്യ സത്യൻ<br>എക്കാലയിൽ | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ സ്വയംസംരംഭകത്വമിഷനിലോ പേര് രജിസ്റ്റർ ചെയ്തതിട്ടില്ല<br>ധനസഹായം ബാക്ക് എൻഡഡ് സബ്സിഡിയായി ബാങ്കിലേക്ക് നൽകിയതിന്റെ വിവരം ഇല്ല |
| 3 | സുമേഷ് അയ്യപ്പൻ<br>പാലിയപ്പാത്ത് | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ സ്വയംസംരംഭകത്വമിഷനിലോ പേര് രജിസ്റ്റർ ചെയ്തതിന്റെ വിവരം ഇല്ല.<br>ധനസഹായം ബാക്ക് എൻഡഡ് സബ്സിഡിയായി ബാങ്കിലേക്ക് നൽകിയതിന്റെ വിവരം ഇല്ല<br>വരുമാനം തെളിയിക്കുന്ന രേഖയില്ല |
| 4 | ജയ ജോർജ്<br>പാറപ്പുരയിടത്തിൽ | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ സ്വയംസംരംഭകത്വമിഷനിലോ പേര് രജിസ്റ്റർ ചെയ്തതിട്ടില്ല<br>ധനസഹായം ബാക്ക് എൻഡഡ് സബ്സിഡിയായി ബാങ്കിലേക്ക് നൽകിയതിന്റെ വിവരം ഇല്ല<br>വരുമാനം തെളിയിക്കുന്ന രേഖയില്ല |

കൂടാതെ 17 വാർഡുകളിൽ നിന്നുമായി ആകെ 43 ഗുണഭോക്താക്കൾ ഗ്രാമസഭയിൽ നിന്നും അപേക്ഷകരായിട്ട് തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും ഇതിൽ പഞ്ചായത്ത് തലത്തിൽ മുൻഗണനാലിസ്റ്റ് തയ്യാറാക്കാതെ ഭരണസമിതി കേവലം നാലുപേരെ തെരഞ്ഞെടുത്ത് സബ്സിഡി നൽകിയിരിക്കുന്നു. സർക്കാർ നിർദ്ദേശം പാലിക്കാതെ തുക നൽകിയതിനാൽ ചെലവ് തുക ₹194100/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | S01249/16, ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ |
| അടങ്കൽ | ₹31809/- (വികസന ഫണ്ട്)<br>₹265779/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹522412/- ( തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നം. | 37/15-16, തീ. 25.02.2016, ₹265779/-<br>36/15-16, തീ. 25.02.16 ₹ 31809/-<br>ഡി.ഡി.നം. 235424 12.04.2016 ₹89750/- |

പഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നടത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തതെങ്കിലും ഇത് പ്രകാരം കമ്പ്യൂട്ടർ, പ്രിന്റർ, ലോക്കർ തുടങ്ങിയ അനുബന്ധ ഉപകരണങ്ങൾ വാങ്ങുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നടത്തുന്നതിന് ഏജൻസിയെ തെരഞ്ഞെടുക്കുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ല. കൂടാതെ കെൽട്രോണിൽ നിന്നും വാങ്ങിയ 09 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളുടെ സ്പെസിഫിക്കേഷൻ core i3 4130 processor ആണ് ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നത് എങ്കിലും നേരിട്ടുള്ള പരിശോധനയിൽ core i3 4170 processor സ്പെസിഫിക്കേഷൻ പ്രകാരമുള്ള കമ്പ്യൂട്ടറുകളാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് ബോദ്ധ്യപ്പെട്ടു. ഇപ്രകാരം വ്യത്യസ്ഥമായ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറിന്റെ വിലയും ഗുണനിലവാരവും ഉറപ്പാക്കാതെയും പ്രസ്തുത ഇനം ഡി.ജി.എസ്.&ഡി. നിരക്ക് പ്രകാരം നേരിട്ട് വാങ്ങാവുന്ന ഇനമാണോ എന്ന് ഉറപ്പാക്കാതെയും നടത്തിയിട്ടുള്ളതിനാൽ ഇതിനായി കെൽട്രോണിന് നൽകിയ ₹373523/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 തൊഴിലുറപ്പ് പദ്ധതി-ഈടാക്കിയ വാറ്റ് അടവാക്കിയിട്ടില്ല

എൻ.ആർ.ഇ.ജി.എ പദ്ധതിക്കു വേണ്ടി തൻവർഷം മെറ്റീരിയൽ വർക്കിനായി കോൺട്രാക്ടർ ശ്രീ.അനിൽകുമാർ ₹3509284/- ക്ക് സാധന സാമിഗ്രികൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി ഇത്രയും തുക നൽകുകയും വാറ്റ് ഇനത്തിൽ 5% നിരക്കിൽ ₹175465 ഉം ഇൻകം ടാക്സ് ഇനത്തിൽ ₹35098 ഉം കോൺട്രാക്ടറിൽ നിന്നും ഈടാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാറ്റ് ഇനത്തിൽ ഈടാക്കിയ ₹175465 /- ൽ ₹58423 /- മാത്രമാണ് ചെല്ലാൻ നമ്പർ 11/28.12.15 പ്രകാരം ഒടുക്കിയിട്ടുള്ളത്. ബാക്കി തുകയായ ₹117042 /- നാളിതുവരെ ഒടുക്കിയിട്ടില്ല. ഈ തുക എസ്.ബി.റ്റി, പാറത്തോട് ശാഖയിൽ (അക്കൗണ്ട് നം 258814) പ്രസിഡന്റ് സെക്രട്ടറി എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ഈ തുക എത്രയും വേഗം സർക്കാരിലേയ്ക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-5 മീഡിയാശ്രീ പദ്ധതി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി നം | S00022/16 |
| പദ്ധതി | മീഡിയാശ്രീ |

| | |
|---|---|
| ഡി.ഡി നം./തുക | 131708/15.06.2015/- ₹ 20,000/-<br>235279/12.02.2016/- ₹ 45000/- |

ഗ്രാമപഞ്ചായത്തിന്റെ സംസ്കാരവും ചരിത്രവും വർത്തമാനങ്ങളും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടവും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിന്റെ പ്രവർത്തനങ്ങളുടെ ആവശ്യങ്ങൾക്കായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.02.2015 ലെ സ.ഉ (സാധാ) 462/2015 ലെ നിർദ്ദേശാനുസരണം ₹65000/- പ്രകാരം കുടുംബശ്രീ ജില്ല മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് ഡോക്യുമെന്ററി പുറത്തിറക്കിയിട്ടില്ല. ആയതിനാൽ ₹65000/- ന്റെ ചെലവ് തടസ്സം ചെയ്യുന്നു. ഡോക്യുമെന്ററി അടങ്ങിയ സി.ഡി, പൂർത്തീകരണ സാക്ഷ്യപത്രം, വാല്യുവേഷൻ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 3-6 ചാർജ്ജ് അലവൻസ് അധികം അനുവദിച്ച് നൽകിയത് സംബന്ധിച്ച് നഷ്ടം.3372/-

വൗച്ചർ നമ്പർ – 26/15-16/10-04-2015

ചെക്ക്നമ്പർ – 18084/തീയതി : 10-04-2015

ശ്രീ.എൻ. ഹരികുമാർ, അസി.സെക്രട്ടറി 19-6-14 മുതൽ 09-04-15 സെക്രട്ടറിയുടെ പൂർണഅധിക ചുമതല വഹിച്ചിരുന്നു ഇതിൽ 19-6-14 മുതൽ 18-12-14 വരെയുള്ള 6 മാസകാലയളവിലേക്ക് ₹18740/-അടിസ്ഥാന ശമ്പളത്തിന്റെ 6% നിരക്കിൽ ₹6744/-ചാർജ്ജ് അലവൻസായി കൈപ്പറ്റുകയും ഇതിൽ 3 മാസത്തിന്റെ അധികം കൈപ്പറ്റിയ തുക ₹3372 മുൻ റിപ്പോർട്ടിൽ നഷ്ടമായി പരാമർശിച്ചിരുന്നു. എന്നാൽ തൻവർഷം തുടർച്ചയായി അധിക ചുമതല വഹിച്ചിരുന്ന 01-01-2015 മുതൽ 09-04-2015 വരെയുള്ള 3 മാസത്തിന് മേൽ വൗച്ചർ പ്രകാരം ₹3372 കൈപ്പറ്റിയിട്ടുണ്ട്. ജി.ഒ.(പി)നമ്പർ 897/98/ഫിൻ തീയതി 09-03-98 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 3 മാസത്തിൽ കൂടുതൽ കാലയളവിൽ ചാർജ്ജ് അലവൻസ് അനുവദനീയമല്ലാത്തതിനാൽ 01-01-2015 മുതൽ 09-04-2015 വരെയുള്ള കാലയളവിലേയക്ക് (₹18740/- അടിസ്ഥാന ശമ്പളത്തിന്റെ 6% നിരക്കിൽ) ചാർജ്ജ് അലവൻസ് അനുവദിച്ച് നൽകിയതിന് ഡി.ഡി.പി.യുടെ അനുമതിപത്രം ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിട്ടില്ല

ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ജീവനക്കാർക്ക് ഓഡിറ്റ് സമയം വരെ നൽകിയ ₹22,000/- നാളിതുവരെയായി തിരികെ ഈടാക്കിയിട്ടില്ല. തുക അടവാക്കാനുള്ള ജീവനക്കാരുടെ കൃത്യമായ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. കൃത്യമായ വിവരങ്ങൾ ലഭ്യമാക്കി തുക തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-8 ഗുണഭോക്തൃലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.09.1997 ലെ ജി.ഒ.(പി.) 220/97 നമ്പർ ഉത്തരവ് പ്രകാരമുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖയിൽ വ്യക്തിഗതാനുകൂല്യങ്ങൾ നൽകുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന തിനുള്ള വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇത് പ്രകാരം നിശ്ചയിച്ച മാനദണ്ഡം പാലിച്ച് ഗ്രാമസഭകളിലൂടെ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളെ പഞ്ചായത്ത് തലത്തിൽ മുൻഗണന നിശ്ചയിച്ച് കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ ആയത് പരിഗണിച്ച് അന്തിമ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ കൊന്നത്തടി ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തെ വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായുള്ള ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താളുടെ ലിസ്റ്റ് സർക്കാർ നിർദ്ദേശപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ഇത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തര ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## 3-9 SSA വിഹിതം-ആവശ്യമായതിലും കൂടുതൽ തുക അടവാക്കി

| | |
|---|---|
| പ്രൊജക്ട് നം | :എസ്.0124/16 |
| നിർവ്വഹണോദ്യഗസ്ഥ | :എച്ച്. എം., ഗവ.യു.പി സ്കൂൾ കൊന്നത്തടി |
| പ്രൊജക്ട് തുക | :₹700000 |
| ബിൽ നം/തീയതി | :1/15-16 .തി:22/01/2016 |

മേൽ സൂചിപ്പിച്ച പ്രൊജക്ട് പ്രകാരം SSA വിഹിതമായി 7 ലക്ഷം രൂപ ഇടുക്കി SSA പ്രൊജക്ട് ഓഫീസിൽ അടച്ചിട്ടുണ്ട്. എന്നാൽ SSA പ്രൊജക്ട് ഓഫീസിൽ നിന്നും ഉള്ള ഡിമാന്റ് നോട്ടീസ് പ്രകാരം മൊത്തം ചെലവ് തുകയുടെ 35% തുകയും മുൻവർഷത്തെ ബാലൻസ് തുകയും കൂടി ആകെ അടയ്ക്കേണ്ടത് ₹391410/- ആണ്. കൂടുതൽ അടച്ച ₹308590/- വരും വർഷങ്ങളിലെ വിഹിതത്തിൽ നിന്നും അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്.

## 3-10 മെഡിക്കൽ ഓഫീസർ, ഗവ.പി.എച്ച്.സി കൊന്നത്തടി - പദ്ധതി നിർവ്വഹണം-രേഖകൾ ഹാജരാക്കിയില്ല.തടസ്സം - 3 ലക്ഷം രൂപ

എ)

| | |
|---|---|
| പ്രൊജക്ട് നം. | എസ്-0012/16 |
| പ്രൊജക്ട് പേര് | ക്യാൻസർ നിർണ്ണയ ക്യാംപ് |
| പ്രൊജക്ട് തുക | ₹200000/- |
| ബിൽ നം.& തിയതി. | 20/13 തീയതി.30/03/2016 |

മേൽ സൂചിപ്പിച്ച പ്രൊജക്ട് പ്രകാരം 13/02/2016 ന് ക്യാൻസർ രോഗനിർണ്ണയ ക്യാംപ് നടത്തിയതായി രേഖകളുണ്ടെങ്കിലും ക്യാംപിൽ പങ്കെടുത്തവരുടെ വിവരം, മരുന്നുവിതരണം നടത്തിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയില്ല.

ബി)

| | |
|---|---|
| പ്രൊജക്ട് നം | എസ്.0009/16 |
| പ്രൊജക്ട് പേര് | സ്കൂളുകൾക്ക് ഫസ്റ്റ് എയിഡ് കിറ്റ് വിതരണം |

| | |
|---|---|
| പ്രൊജക്റ്റ് തുക | ₹100000/- |
| ബിൽ നം.& തിയതി. | 17/13 തി.30/03/2016 |

മേൽ സൂചിപ്പിച്ച പ്രൊജക്റ്റ് പ്രകാരം 16/01/2016 ന് സ്കൂൾ അധികൃതർക്കും കുട്ടികൾക്കും ഫസ്റ്റ് എയിഡിനെ സംബന്ധിച്ച് ഒരു ബോധവല്കരണ ക്ലാസ്സ് നടത്തിയതായി രേഖകളുണ്ടെങ്കിലും ക്ലാസ്സിൽ പങ്കെടുത്തവരുടെ വിവരം, സ്കൂളുകൾക്ക് ഫസ്റ്റ് എയിഡ് കിറ്റ് വിതരണം നടത്തിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയില്ല. കൂടാതെ 13/01/2016 നടന്ന ക്ലാസ്സിനുശേഷം തൊട്ടടുത്ത ദിവസം 14/01/2016 ന് സ്കൂളുകളിൽ ഫസ്റ്റ് എയിഡ് കിറ്റ് വിതരണം നടത്തിയതിന് വാഹനവാടക നൽകിയതായി കാണുന്നു. കൂടാതെ 13/01/2016 ന് നടന്ന ക്ലാസ്സിന് ആവശ്യമായ മരുന്നുകൾ നീതിസ്റ്റോറിൽ നിന്നും വാങ്ങിയതിന്റെ ബിൽ തീയതി 21/03/2016 ആണ്.(ബിൽ നം.38717 തി.21/03/2016.)

മേൽ സൂചിപ്പിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ ഈ രണ്ടു പ്രൊജക്റ്റുകൾക്കുമായി ചെലവഴിച്ച 3 ലക്ഷം രൂപാ തടസ്സപ്പെടുത്തുന്നു.

## 3-11 മരാമത്ത് പ്രവൃത്തികൾ - റോഡ് മെയിന്റനൻസ് അപാകതകൾ

പഞ്ചായത്ത് തനത് വർഷം 2.33 കോടി രൂപ മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ അധികം തുകയും ചെലവഴിച്ചത് റോഡ് മെയിന്റനൻസ് ചെയ്യുന്നതിനാണ്. ഭൂരിപക്ഷം പ്രവൃത്തികളും കോൺക്രീറ്റിംഗ് ആണ്. കൂടാതെ റോഡ് ടാറിംഗ് പ്രവൃത്തികളും ചെയ്തിട്ടുണ്ട്. റോഡുകൾ മുഴുവൻ മെയിന്റനൻസ് ചെയ്യാതെ റോഡിന്റെ ചെറിയ ഭാഗം മാത്രം മെയിന്റനൻസ് ചെയ്യുന്നു. കോൺക്രീറ്റ് ചെയുന്ന റോഡുകളുടെ ആകെ നീളമോ കോൺക്രീറ്റ് ചെയ്യുന്ന ഭാഗത്തിന്റെ ചെയിനേജോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ എസ്റ്റിമേറ്റിലോ എം.ബുക്കിലോ ഒന്നും രേഖപ്പെടുത്തുന്നില്ല. ആയതിനാൽ സ്ഥലം നേരിൽ പോയി പ്രവൃത്തി ചെയ്തത് പരിശോധിക്കാനും സാധ്യമല്ല. മാത്രമല്ല പ്രവൃത്തികൾ പൂർത്തിയാക്കി എന്നുള്ള മോണിറ്ററിംഗ് റിപ്പോർട്ടും ഭൂരിപക്ഷം ഫയലിലും ഉള്ളടക്കം ചെയ്തിട്ടില്ലാത്തതിനാൽ പ്രവൃത്തികൾ ചെയ്തിട്ടുണ്ടോ എന്നു പോലും അറിയില്ല. ഓരോ വർഷവും ഒരേ റോഡ് തന്നെ കുറച്ച് ഭാഗം മെയിന്റനൻസ് ചെയ്യുന്നു. ഓരോ വർഷവും പുതിയ പ്രൊജക്റ്റായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ റോഡും ഇതുവരെ എത്ര മീറ്റർ നീളത്തിൽ എവിടെ വരെ ഏതെല്ലാം ഭാഗത്ത് മെയിന്റനൻസ് ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല. പ്രവൃത്തി ചെയ്ത എല്ലാ റോഡുകളുടേയും ആകെ നീളവും പ്രവൃത്തി ചെയ്ത ഭാഗത്തെ ചെയിനേജും ഫയലിലും എം.ബുക്കിലും രേഖപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതും ഭാവിയിൽ ഈ അപാകത പരിഹരിക്കേണ്ടതുമാണ്.

## 3-12 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നു

| | |
|---|---|
| പ്രൊജക്റ്റ് നം. | എസ്.0103/16 |
| പ്രൊജക്റ്റ് പേര് | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് |

| | |
|---|---|
| പ്രൊജക്ട് തുക | ₹150000/- |
| നിർവഹണോദ്യഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,ഹോമിയോ ഡിസ്പെൻസറി, കൊന്നത്തടി. |

മേൽ സൂചിപ്പിച്ച പ്രൊജക്ട് പ്രകാരം കൊന്നത്തടി, മുനിയറ എന്നിവിടങ്ങളിലെ ഹോമിയോ ഡിസ്പെൻസറികൾക്ക് മരുന്ന് ലഭ്യമാക്കുന്നതിന് 01/01/2016 ന് തന്നെ ₹1,50,000/-യുടെ ഡിമാന്റ് ഡ്രാഫ്റ്റ് ആലപ്പുഴയിലെ സഹകരണ ഹോമിയോ സ്റ്റോറിന് നൽകിയിട്ടുണ്ട്. എന്നാൽ ഈ ഹോമിയോ ഡിസ്പെൻസറികൾക്ക് മരുന്ന് ലഭ്യമായത് യഥാക്രമം 09/11/2016, 27/09/2016 എന്നീ തിയതികളിലാണ്. മരുന്നിന് മുൻകൂർ പണം നൽകിയിട്ടും പത്ത് മാസങ്ങൾക്ക് ശേഷമാണ് മരുന്ന് ലഭ്യമാകുന്നത്. ഇങ്ങനെയുള്ള കാലതാമസം ഒഴിവാക്കി സാധാരണക്കാരായ രോഗികൾക്ക് ആവശ്യത്തിന് മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യുവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹1,63,40,000/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജവഹർ ഭവനപദ്ധതി | നം. 300607/ഡി.ബി. 1/2015 /ത.സ്വ.ഭ.വ /11.11.2015 | 1,63,40,000 | 0 | 0 | 0 | 1,63,40,000 |

നം. 300607/ഡി.ബി.1/2015/ത.സ്വ.ഭ.വ/11.11.2015 കത്ത് പ്രകാരം ₹3,60,00,000/- ആണ് വായ്പയെടുക്കുവാൻ അനുവദിച്ചിട്ടുള്ളത്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 129238 |
| തൻവർഷം നിക്ഷേപിച്ച തുക | 500000 |
| ആകെ | 629238 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 129238 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 500000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| ബാങ്ക് | ഇടുക്കി ജില്ല പഞ്ചായത്ത് എംപ്ലോയിസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നെടുങ്കണ്ടം |
| പോളിസി നം | 1146 |
| തീയതി | 8.3.2016 |
| കാലാവധി | 12 മാസം |
| തുക | 500000 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| | | ഇല്ല | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 9,59,16,587 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 11,40,75,274 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,48,464 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 9,32,623 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 3-1 | | 145092 | 72546 | ശ്രീ.ബിജു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | | | 72546 | ശ്രീ. ഷാജി കെ പി, അസി. എഞ്ചിനിയർ |
| 3-6 | | 3372 | | ശ്രീ. പി കെ സതീഷ് കുമാർ, സെക്രട്ടറി |
| ആകെ | | 148464 | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1,94,100 | ശ്രീ. പി കെ സതീഷ് കുമാർ, സെക്രട്ടറി |
| 3-3 | 3,73,523 | ശ്രീ. പി കെ സതീഷ് കുമാർ, സെക്രട്ടറി |
| 3-5 | 65,000 | ശ്രീ. പി കെ സതീഷ് കുമാർ, സെക്രട്ടറി |
| 3-10 | 3,00,000 | ഡോ.ദീപു കൃഷ്ണ, മെഡിക്കൽ ഓഫീസർ |
| ആകെ | 9,32,623.00 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-2, 3-3, 3-10

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി കെ സതീഷ് കുമാർ, സെക്രട്ടറി | സെക്രട്ടറി, രാജാക്കാട് ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ല | |
| ശ്രീ.ബിജു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി സബ് ഡിവിഷൻ, ഈരാറ്റുപേട്ട ബ്ലോക്ക്, കോട്ടയം ജില്ല | |
| ശ്രീ. ഷാജി കെ.പി, അസി. എഞ്ചിനിയർ | | കിരമ്പനയ്ക്കൽ, മുക്കടം പി ഒ, ഇഞ്ചപ്പതാൽ-685562 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1965-66 | എൽ എഫ് ഐ-5/376/87/21.4.1987 | |
| 1966-67 | എൽ എഫ് ഐ-5/376/87/21.4.1987 | |
| 1970-71 | എൽ എഫ് ഐ-5/376/87/21.4.1987 | |
| 1972-73 | എൽ എഫ് ഐ-5/376/87/21.4.1987 | |
| 1976-77 | എൽ എഫ് ഐ-5/376/87/21.4.1987 | |
| 1977-78 | എൽ എഫ് ഐ-5/376/87/21.4.1987 | |
| 1978-79 | എൽ എഫ് ഐ-5/376/87/21.4.1987 | |
| 1979-80 | എൽ എഫ് ഐ-5/376/87/21.4.1987 | |
| 1980-81 | എൽ എഫ് ഐ-5/376/87/21.4.1987 | |
| 1981-82 | എൽ എഫ് ഐ-5/376/87/21.4.1987 | |
| 1982-83 | എൽ എഫ് ഐ-5/376/87/21.4.1987 | |
| 1983-84 | എൽ എഫ് ഐ-5/441/88/22.4.1987 | |
| 1984-85 | എൽ എഫ് ഐ-5/66/89/13.2.1989 | |
| 1985-86 | എൽ എഫ് ഐ-5/991/89/13.2.1989 | |
| 1986-87 | എൽ എഫ് ഐ-5/961/90/24.4.1990 | |

| | | |
|---|---|---|
| 1987-88 | എൽ എഫ് ഐ-5/825/91/24.2.1991 | |
| 1988-89<br>1989-90 | എൽ എഫ് ഐ-5/439/92/24.12.1992 | |
| 1990-91<br>1991-92 | എൽ എഫ് ഐ-5/447/95/1.4.1996 | |
| 1992-93 | എൽ എഫ് ഐ-5/396/11.10.1996 | |
| 1993-94<br>1994-95 | എൽ എഫ് ഐ-5/339/96/11.10.1996 | |
| 1995-96 | എൽ എഫ് ഐ-5/444/97/21.11.1997 | |
| 1996-97 | എൽ എഫ് ഐ-5/100/98/11.8.1998 | |
| 1997-98 | എൽ എഫ് ഐ-8/383/99/29.4.2000 | |
| 1998-99 | എൽ എഫ് ഐ-8/617/2000/8.2.2001 | |
| 1999-2000 | എൽ എഫ് ഐ-8/28/2002/4.5.2002 | |
| 2000-01 | എൽ എഫ് ഐ-8/650/02/9.12.2002/31.3.2003 | |
| 2001-02 | എൽ എഫ് ഐ-8/700/04/5.4.2004/10.6.2004 | |
| 2002-03 | എൽ എഫ് ഐ-8/329/05/29.12.2005/14.3.2006 | |
| 2003-04 | എൽ എഫ് ഐ-7/938/06/27.11.2006/2.6.2007 | |
| 2004-05 | എൽ എഫ് ഐ-7/938/06/27.11.2006/2.6.2007 | |
| 2005-06 | എൽ എഫ് ഐ-7/84/08/3.10.2008/10.12.2008 | |
| 2006-07 | എൽ എഫ് ഐ-7/151/06/5.2.2010/8.3.2010 | |
| 2007-08 | എൽ എഫ് ഐ-11/742/2010/23.3.2011/5.5.2011 | |
| 2008-09 | എൽ എഫ് ഐ-11/297/2011/23.3.2011/5.5.2011 | |
| 2009-10 | എൽ എഫ് ഐ-11/305/201123.3.2011/5.5.2011 | |
| 2010-11 | എൽ എഫ് ഐ-11/191/12/31.7.2012/9.11.2012 | |
| 2011-12 | എൽ എഫ് ഐ-11/800/13/3.12.2013/25.2.2014 | |
| 2012-13 | എൽ എഫ് ഐ-11/398/14/31.5.2014/4.8.2014 | |
| 2013-14 | കെ.എസ് എ ഐ ഡി കെ 11/738/2015/27.7.2015/ 24.8.2015 | |

| | | |
|---|---|---|
| 2014-15 | കെ.എസ് എ ഐ ഡി കെ 11/738/2015/27.7.2015/24.8.2015 | |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം -1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./ഐ.ഡി.കെ. 11/29/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
Phone No : 04862 227332

E-mail : doidk.ksad@kerala.gov.in
തീയതി: 18.01.2017

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2015-2016 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## AUDIT CERTIFICATE

No.KSA/IDK-11/29/2017

Kerala State Audit Department
District Audit Office, Idikki
Dated :18.01.2017
Phone No : 04862 227332
E-mail : doidk.ksad@kerala.gov.in

Certified that I have audited the Annual Financial Statement of KONNATHADY Grama Panchayath in

Idukki District for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and And Auditor General of India for the purpose of audit of accounts Panchayath Raj Instituitions.

In my opinion, the Financial Statements of KONNATHADY Gama Panchayath for the 2015-16, except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR
IDUKKI